**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വാണിയംകുളം ഗ്രാമപഞ്ചായത്ത് - അന്തർ ദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ നേടിയിട്ടുള്ള കുമാരി ബബിതയ്ക്ക് വീട് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പതിനഞ്ച് ലക്ഷം രൂപ നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 1205/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 18.04.2017

---

പരാമർശം:- 1) വാണിയംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.01.2014 ലെ എ 3-225/2014 നമ്പർ കത്ത്.
2) വാണിയംകുളം ഗ്രാമപഞ്ചായത്ത് 01/01/2014 തീയതിയിലെ 2-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

വാണിയംകുളം ഗ്രാമപഞ്ചായത്തിലെ കായിക പ്രതിഭയായ ദേശീയ-അന്തർദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ നേടിയിട്ടുള്ള കുമാരി ബബിതയ്ക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപ അനുവദിച്ച് നൽകണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കുമാരി ബബിതയ്ക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം കമ്മിറ്റി തീരുമാനമെടുത്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ അന്തർദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ നേടിയിട്ടുള്ള കുമാരി ബബിതയ്ക്ക് വീട് നിർമ്മിച്ചു നൽകുന്ന വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) നൽകുന്നതിന് ഇതിനാൽ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

കുമാരി ബബിത, വാണിയംകുളം ഗ്രാമപഞ്ചായത്ത്, വാണിയംകുളം പി.ഒ, പാലക്കാട് ജില്ല.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, വാണിയംകുളം ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.